## രോഗനിർണ്ണയം

പേവിഷബാധയേറ്റ് മരണപ്പെട്ട മൃഗങ്ങളുടെ തലച്ചോറിൽ നിന്നു ശേഖരിക്കുന്ന സാമ്പിളുകളിൽ ഈ വൈറസിന്റെ സാന്നിദ്ധ്യം കണ്ടെത്താനുള്ള രോഗ നിർണ്ണയ സംവിധാനങ്ങൾ സ്റ്റേറ്റ് ലാബായ സിയാദ് പാലോടിനു പുറമേ വകുപ്പിന്റെ തിരുവല്ല, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിലുള്ള റീജിയണൽ ലാബുകളിലും, കൊല്ലം ജില്ലാ മൃഗാശുപത്രിയിലും, വെറ്റിനറി സർവ്വകലാശാലയുടെ മണ്ണുത്തി, പൂക്കോട് കോളേജുകളിലും ലഭ്യമാണ്. കൂടാതെ സെറിബ്രോ സ്പൈനൽ ഫ്ളൂയിഡിലും സീറം സാമ്പിളിലും പേവിഷബാധാ വൈറസിനെതിരെയുള്ള ആന്റിബോഡിയുടെ സാന്നിദ്ധ്യം പരിശോധിക്കാനുള്ള രോഗനിർണ്ണയം സംവിധാനങ്ങളും രോഗലക്ഷണങ്ങൾ കാണിക്കുന്ന ജീവനുള്ള മൃഗങ്ങളുടെ ഉമിനീർ, കോർണിയൽ സാമ്പിൾ എന്നിവയിൽ നിന്നും രോഗാണുക്കളുടെ സാന്നിദ്ധ്യം കണ്ടെത്താനുള്ള സംവിധാനങ്ങളും പാലോട് സിയാദിൽ ലഭ്യമാണ്.

## പേവിഷബാധയുള്ള മൃഗം കടിച്ചാൽ എന്തു ചെയ്യണം?

കടിയേറ്റ ഭാഗം എത്രയും പെട്ടെന്ന് ഒഴുകുന്ന വെള്ളത്തിൽ (ടാപ്പിനു ചുവടെയെങ്കിൽ അത്യുത്തമം) സോപ്പ് ഉപയോഗിച്ച് നല്ലതുപോലെ 15 മിനിറ്റോളം കഴുകുക. അവശേഷിക്കുന്ന വൈറസുകളെ നിർവീര്യമാക്കാൻ മുറിവിൽ അയോഡിൻ പോലുള്ള അണുനാശിനികൾ പുരട്ടുക. മുറിവ് പൊതിഞ്ഞു കെട്ടുകയോ തുന്നലിടുകയോ ചെയ്യരുത്. തുടർന്ന് എത്രയും വേഗത്തിൽ ഏറ്റവും അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിലെത്തി മുറിവിന്റെ കാറ്റഗറി കണക്കാക്കി ഡോക്ടറുടെ നിർദ്ദേശാനുസരണം പ്രതിരോധ കുത്തിവയ്പ്പ് സ്വീകരിക്കുക.

- പേവിഷബാധ ഏക പോംവഴി പ്രതിരോധ കുത്തിവയ്പ്പ് മാത്രം...
- വളർത്തു നായ്ക്കൾക്കും പൂച്ചകൾക്കും ആദ്യ പ്രതിരോധ കുത്തിവയ്പ്പ് ജനിച്ച് 10–12 ആഴ്ച്ചയ്ക്കുള്ളിൽ തന്നെ നൽകണം ....
- ആദ്യ കുത്തിവയ്പ്പിനു ശേഷം ഒരു മാസം കഴിഞ്ഞ് ആദ്യ ബൂസ്റ്റർ കുത്തിവയ്പ്പ് എടുക്കാൻ മറക്കരുത്....
- വർഷം തോറും ബൂസ്റ്റർ കുത്തിവയ്പ്പ് ആവർത്തിക്കാൻ, മറക്കരുത്.
- ഓർമ്മിക്കുക, പേവിഷ രോഗത്തിന് ചികിത്സ ലഭ്യമല്ല, പ്രതിരോധ കുത്തിവയ്പ്പിലൂടെ മൃഗങ്ങളുടെയും മനുഷ്യരുടെയും രക്ഷ ഉറപ്പാക്കുക.

മൃഗസംരക്ഷണ വകുപ്പിനു വേണ്ടി ഡോ. റെനി ജോസഫ് (പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ)
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ, കുടപ്പനക്കുന്ന് പബ്ലിഷ് ചെയ്യുന്നത്

കേരള സർക്കാർ
മൃഗസംരക്ഷണ വകുപ്പ്
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ,
കുടപ്പനക്കുന്ന്, തിരുവനന്തപുരം




# റാബീസ് അഥവാ പേവിഷബാധ

**അരുമയ്ക്കു നൽകണം കരുതൽ**




## എന്താണ് പേവിഷബാധ?

ലോകത്തെവിടെയും എക്കാലത്തും പൊതുജനാരോഗ്യത്തിന് വലിയ വെല്ലുവിളിയാണ് പേവിഷബാധ. അശ്രദ്ധയും അവഗണനയും അറിവില്ലായ്മയും കൂടിച്ചേർന്നാൽ മരണം ഉറപ്പാക്കുന്ന മാരകമായ ജന്തുജന്യ രോഗം. ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം ഓരോ 9 മിനിറ്റിലും ഒരു ജീവനെടുക്കുന്ന അതി മാരകമായ ജന്തുജന്യരോഗമാണ് പേവിഷബാധ. ഉഷ്ണരക്തം ജീവികളെ രോഗബാധിതമാക്കാനുള്ള ശേഷി റേബീസ് വൈറസിനുണ്ട് . വളത്തുമൃഗങ്ങളായ പട്ടികളിലും പൂച്ചകളിലുമാണ് റേബീസ് കൂടുതലായി കണ്ടു വരുന്നത്. കൂടാതെ ആടുമാടുകൾ, പന്നി, കഴുത, കുതിര, കുറുക്കൻ, ചെന്നായ, കുരങ്ങൻ, അണ്ണാൻ എന്നീ മൃഗങ്ങൾക്കും പേവിഷബാധയേൽക്കാറുണ്ട് .

## രോഗപ്പകർച്ച

പേവിഷബാധിതരായ മൃഗങ്ങളിൽ നിന്നുമുള്ള കടിയേൽക്കുന്നതിലൂടെയാണ് പ്രധാനമായും പേവിഷബാധ പകരുന്നത്. രോഗബാധിതരായ മൃഗങ്ങളുടെ ഉമിനീരിലുള്ള രോഗാണുക്കൾ, കടിയേൽക്കുന്ന മൃഗങ്ങളുടെ തൊലിപ്പുറത്തുണ്ടാകുന്ന ചെറിയ മുറിവിലൂടെ പോലും അകത്തു പ്രവേശിച്ച് നാഡീവ്യൂഹത്തിലൂടെ തലച്ചോറിലെത്തുന്നു. മൂന്നാഴ്ച മുതൽ പന്ത്രണ്ടാഴ്ച്ച വരെ നീളാവുന്ന ഈ കാലയളവിൽ രോഗലക്ഷണങ്ങൾ ഒന്നും കാണില്ല. തലച്ചോറിലെത്തുന്ന വൈറസുകൾ പെരുകി നിശ്ചിത അളവിലെത്തുമ്പോൾ മൃഗം രോഗലക്ഷണങ്ങൾ കാണിച്ചു തുടങ്ങുകയും ഈ വൈറസുകൾ മൃഗത്തിന്റെ ഉമിനീരിലൂടെ പുറത്തുവരികയും ചെയ്യുന്നു. രോഗലക്ഷണങ്ങൾ കാണിച്ചു തുടങ്ങിയാൽ പരമാവധി ഏഴ് ദിവസത്തിനകം രോഗം ബാധിച്ച മൃഗം മരണപ്പെടുന്നതാണ്.

**പേവിഷബാധ പ്രതിവിധി എന്ത്?**
പ്രതിരോധ കുത്തിവയ്പ്പുകളിലൂടെ മാത്രം നിയന്ത്രണവിധേയമാക്കുവാൻ കഴിയുന്ന രോഗമാണ് പേവിഷബാധ. ഈ രോഗത്തിന് ചികിത്സ ലഭ്യമല്ല.

## പേവിഷബാധ തിരിച്ചറിയാൻ എത്ര സമയം?

രോഗാണുക്കൾ ശരീരത്തിനുള്ളിൽ പ്രവേശിച്ചു കഴിഞ്ഞാൽ രോഗലക്ഷണങ്ങൾ പ്രകടമാകാൻ ദിവസങ്ങൾ മുതൽ വർഷങ്ങൾ വരെ (ഇൻക്യുബേഷൻ പിരീഡ്) എടുത്തെന്ന് വരാം. ലോക മൃഗാരോഗ്യ സംഘടനയുടെ ടെറസ്ട്രിയൽ കോഡ് പ്രകാരം ആറുമാസക്കാലമാണ് ഇൻക്യുബേഷൻ കാലാവധിയായി കണക്കാക്കുന്നത്. കടിക്കുന്ന മൃഗത്തിന്റെ ഉമിനീരിലുള്ള വൈറസിന്റെ അളവ്, കടിയേൽക്കുന്ന ശരീര ഭാഗം, കടിയുടെ രൂക്ഷത എന്നിവയെ ആശ്രയിച്ച് ഈ കാലാവധിയിൽ മാറ്റമുണ്ടാകാം. തലച്ചോറിനടുത്തും തലയിലും മുഖത്തും കഴുത്തിലും കണ്ണുകളിലും ചെവികളിലും ഏൽക്കുന്ന കടികൾ കൂടുതൽ അപകടകരമായ രോഗസാധ്യത കാറ്റഗറിയായി കണക്കാക്കുന്നു.

## രോഗലക്ഷണങ്ങൾ

രോഗലക്ഷണങ്ങൾ മൃഗങ്ങളെ ആശ്രയിച്ച് വ്യത്യാസപ്പെടുന്നതായി കാണാം. നായ്ക്കളിൽ പൊതുവെ രണ്ടു തരത്തിൽ രോഗലക്ഷണം പ്രകടമാകുന്നു. രൗദ്രഭാവവും ശാന്തഭാവവും.

**രൗദ്രം:** ആക്രമണസ്വഭാവം കൂടുന്നതാണ് രൗദ്രഭാവം. ഉടമസ്ഥനടക്കം കണ്ണിൽ കാണുന്നതെന്തിനെയും കല്ലിനേയും തടിക്കഷണങ്ങളേയും വരെ കടിച്ചുപറിക്കുന്ന സ്വഭാവം കാണിക്കുന്നു. തൊണ്ടയും നാവും ക്രമേണ മരവിക്കുന്നതിനാൽ കുരയ്ക്കുമ്പോൾ ശബ്ദത്തിലും വ്യത്യാസമുണ്ടാകും, ഉമിനീർ ഇറക്കാൻ സാധിക്കാത്തതിനാൽ ഉമിനീർ ധാരധാരയായി പുറത്തേക്ക് ഒഴുകും.

**ശാന്തം:** ശാന്തഭാവ പേവിഷബാധ അവസ്ഥയിലുള്ള മൃഗങ്ങൾ അനുസരണക്കേട് കാട്ടാറില്ല. ഉടമസ്ഥനോട് കൂടുതൽ സ്നേഹം കാണിക്കുകയും നക്കുകയും ചെയ്തെന്നിരിക്കും. ഇരുണ്ട ഇടങ്ങളിലും കട്ടിലിനടിയിലും ഒതുങ്ങിക്കഴിയാനാവും കൂടുതൽ ഇഷ്ടം.

പൂച്ചകൾക്ക് പേവിഷബാധയേറ്റാൽ അവ അപ്രതീക്ഷിതമായി ഉപദ്രവിക്കുകയും മാരക മുറിവുകൾ ഉണ്ടാക്കുകയും ചെയ്യും. ആടുമാടുകളിൽ അകാരണമായ അസ്വസ്ഥത, വെപ്രാളം, വിഭ്രാന്തി, അക്രമവാസന, ഇടവിട്ട് മുക്രയിടുക, വിശപ്പില്ലായ്മ, തുള്ളി തുള്ളിയായി മൂത്രം പോവുക എന്നീ ലക്ഷണങ്ങൾ കാണുന്നു. കാളകളിൽ അമിതമായ ലൈംഗികാസക്തിയും കാണാം.